**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3847** **27-06-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ ക്ഷീരഗ്രാമം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിൽ വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുകയുണ്ടായി. പദ്ധതി നടപ്പിലാക്കിയതു പ്രകാരം 39 കർഷർക്ക് (ക്ഷീര) പദ്ധതി ധനസഹായം ലഭ്യമാക്കുകയുണ്ടായി. ടി പദ്ധതി നടത്തിപ്പിലൂടെ ആകെ 21,74,500/- (ഇരുപത്തി ഒന്ന് ലക്ഷത്തി എഴുപത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചിലവഴിച്ചിട്ടുള്ളതാണ്. പദ്ധതി നടത്തിപ്പിലൂടെ പഞ്ചായത്തിലെ പാൽ ഉല്പാദനം വർദ്ധിക്കുകയും കൂടുതൽ കർഷകരെ ക്ഷീരമേഖലയിലേയ്ക്ക് കൊണ്ട് വരാനും സാധിച്ചു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും നാളിതുവരെ ചെലവ് ചെയ്ത തുക എത്രയാണെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം 39 ക്ഷീരകർഷകർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ആകെ 21,74,500/- (ഇരുപത്തി ഒന്ന് ലക്ഷത്തി എഴുപത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം)ചിലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി ഏതെല്ലാം സ്ഥലങ്ങളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി പുല്ലമ്പാറ പഞ്ചായത്തിലെ മുഴുവൻ വാർഡുകളും ഉൾപ്പെടുത്തിയാണ് അപേക്ഷ സ്വീകരിച്ചതും നടപ്പിലാക്കിയതും |

സെക്ഷൻ ഓഫീസർ